"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്തനിവാരണ വകുപ്പ് - ചൂരൽമല - മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തിന്റെ സ്മരണാർത്ഥം സ്മൃതിമണ്ഡപം നിർമ്മിക്കുവാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിച്ച് ഉത്തരവാകുന്നു.

---

**ദുരന്തനിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.227/2026/DMD                തീയതി,തിരുവനന്തപുരം, 20-05-2026

---

പരാമർശം:- 1. **01.08.2025 ലെ സ.ഉ(കൈ )നം 14/2025-DMD**

2. വയനാട് ജില്ലാ കളക്ടറുടെ 2.09.2025 തീയതിയിലെ DCWYD/5814/2025-DM4

**ഉത്തരവ്**

മുണ്ടക്കൈ/ ചൂരൽമല ഉരുൾ പൊട്ടൽ ദുരന്തത്തിൽ മരണപ്പെട്ടവരുടെ ഓർമ്മക്കുവേണ്ടി ഒരു സ്മൃതി മണ്ഡപം നിർമ്മിക്കുന്നതിനായി ജില്ലാ നിർമ്മിതി കേന്ദ്രം സമർപ്പിച്ച 99.93 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചുകൊണ്ടും പ്രാർത്ഥനാ മന്ദിരം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിക്കൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവായിട്ടുള്ളതാണെന്നും പ്രസ്തുത തുക ഏതു ഫണ്ടിൽ നിന്നുമാണ് വകയിരുത്തേണ്ടത് എന്ന് വ്യക്തമാക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് വയനാട് ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുണ്ടക്കൈ/ ചൂരൽമല ഉരുൾ പൊട്ടൽ ദുരന്തത്തിൽ മരണപ്പെട്ടവരുടെ ഓർമ്മക്കുവേണ്ടി സ്മൃതി മണ്ഡപം നിർമ്മിക്കുന്നതിനു വേണ്ടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 99.93 ലക്ഷം രൂപ(തൊണ്ണൂറ്റി ഒമ്പത് ലക്ഷത്തിതൊണ്ണൂറ്റി മൂവായിരം രൂപ മാത്രം) വയനാട് ജില്ലാ കളക്ടർക്ക് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാ കളക്ടർ, വയനാട്
റവന്യൂ (ഡി.ആർ.എഫ്) വകുപ്പ് (ഗുണഭോക്താക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്)
ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Vincent U
Date: 21-05-2026 11:08:27

സെക്ഷൻ ഓഫീസർ